**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 409** **10-06-2024 - ൽ മറുപടിയ്ക്ക്**

**മയക്കമരുന്ന് വിൽപ്പനയും ഉപയോഗവും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളിലും യുവാക്കളിലും ഉണ്ടാകുന്ന മയക്കമരുന്നിന്റെ ഉപയോഗം കുറയ്ക്കുന്നതിനും ഗുരുതരമായ ഈ സാമൂഹ്യ പ്രശ്നം ലഘൂകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി വിൽപ്പന തടയുന്നതിനായി എക്സൈസ് വകുപ്പ് വിപുലമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം നടത്തിയും വിദ്യാലയങ്ങളുടെ പരിസരത്തുള്ള കടകളിലും ഒഴിഞ്ഞു കിടക്കുന്നതും കുട്ടികൾ കൂട്ടം കൂടിയിരിക്കാൻ സാദ്ധ്യതയുള്ളതുമായ മൈതാനങ്ങൾ, പഴയ കെട്ടിടങ്ങൾ, പാർക്കുകൾ എന്നിവിടങ്ങളിൽ പോലീസ്, ആരോഗ്യം, ഭക്ഷ്യസുരക്ഷ തുടങ്ങിയ സർക്കാർ വകുപ്പുകളുമായി ചേർന്നും ജനകീയ പങ്കാളിത്തത്തോടെയും സഹകരണത്തോടെയും പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസുകളും, സെമിനാറുകളും നടത്തുകയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും സഹകരണത്തോടു കൂടി രഹസ്യ വിവരങ്ങൾ ശേഖരിക്കുകയും ലഹരി വസ്തുക്കൾ സൂക്ഷിക്കുകയും ഉപയോഗിക്കുകയും വിൽപന നടത്തുകയും ചെയ്യുന്നവർക്കെതിരെ അബ്കാരി, എൻ.ഡി.പി.എസ്, കോട്പ ആക്ടുകൾ പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിനായി Abon Kit ഉപയോഗിച്ചുള്ള പരിശോധന നടത്തി വരുകയും ലഹരി കേസ്സുകളിൽ ഉൾപ്പെട്ട് പിടികൂടുന്ന |

| | | | |
|---|---|---|---|
| | | | യുവാക്കളുടെ ഫോൺ നമ്പരുകൾ കേന്ദ്രീകരിച്ച് എക്സൈസ് സൈബർ സെല്ലിന്റെ സഹായത്തോടെ നിരന്തരം നിരീക്ഷിച്ചുവരുകയും ചെയ്യുന്നു. സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ച് പരാതികൾ സ്വീകരിക്കുകയും ആയതിൽ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br><br>ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ച് വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ശരിയായ അവബോധം നല്കുന്നതിനും ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടത്തി വരുന്നു.<br><br>വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി "ഉണർവ്വ്", ”നേർവഴി“ എന്ന പേരിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് സംസ്ഥാനത്തെ കോളേജ് ക്യാമ്പസുകളിൽ “നേർക്കൂട്ടം” എന്ന പേരിലും, ഹോസ്റ്റലുകളിൽ “ശ്രദ്ധ” എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൗൺസിലിങ്ങ് ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം സിദ്ധിച്ച എക്സൈസ് ഉദ്യോഗസ്ഥർ മുഖേന കൗൺസിലിംഗ് നൽകി വരുന്നു.<br><br>ആദിവാസി–തീരദേശ മേഖലകളിൽ യുവാക്കൾക്കിടയിലെ ലഹരിവർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകി പ്രവർത്തിച്ച് വരുന്നു. ഗോത്രമേഖലയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br><br>ലഹരിക്കടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ നൽകുന്നതിന് 14 ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും, വിമുക്തി മിഷന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ച് വരുന്നു. |
| (സി) | മയക്കുമരുന്ന് കൈവശം വയ്ക്കുകയും വിൽക്കുകയും ചെയ്യുന്നവർക്ക് കടുത്തശിക്ഷ ഉറപ്പുവരുത്തുന്നതിന് നിയമഭേദഗതികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | മയക്കുമരുന്നുകൾ സംബന്ധിച്ച എൻ.ഡി.പി.എസ് നിയമം കേന്ദ്ര നിയമമാണ്. ആയതിൽ പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ അളവ് അനുസരിച്ച് കേസുകൾ സ്മാൾ, മീഡിയം, കൊമേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. നിലവിൽ നിഷ്കർഷിച്ചിരിക്കുന്ന അളവുകൾ കുറച്ച് നിയമം കൂടുതൽ |

| | | | |
|---|---|---|---|
| | | | കർശനമാക്കുന്നതിനുള്ള ശുപാർശ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ